വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ & ബി) കൊച്ചി, കോഴിക്കോട്, കണ്ണൂർ, കാലടി ശ്രീ ശങ്കരാചാര്യ സർവകലാശാലകളിൽ തെരഞ്ഞെടുക്കപ്പെട്ട യൂണിയനുകൾ നിലവിലുണ്ട്. യുവജനോൽസവം പതിവുപോലെ നടക്കുന്നുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ 27-1-2006-ൽ യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായി. 2006 ഫെബ്രുവരി അവസാനിക്കുന്നതിനുമുമ്പായി സർവകലാശാലാ യൂണിയൻ രൂപീകരിക്കുന്നതാണെന്ന് സർവകലാശാല അറിയിച്ചിട്ടുണ്ട്. എം. ജി. സർവകലാശാലയിൽ ഉടനെതന്നെ തെരഞ്ഞെടുപ്പ് നടത്തി യൂണിയൻ പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുസംബന്ധിച്ച് ഒരു കേസ് ബഹു: സുപ്രീം കോടതിയുടെ പരിഗണനയിലാണ്. സുപ്രീം കോടതിയുടെ 12-12-2005-ലെ ഉത്തരവു പ്രകാരം രാജ്യത്തെ യൂണിവേഴ്സിറ്റി/കോളേജ് സ്റ്റുഡന്റ്സ് യൂണിയൻ തെരഞ്ഞെടുപ്പുസംബന്ധിച്ച് പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിന് മുൻ ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ. ജെ. എം. ലിംഗ്ദോ ചെയർമാനായി ഒരു ആറംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയുടെ ഉത്തരവ് അനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിൽ സ്വകാര്യ കൺസൾട്ടൻസികളുടെ സാദ്ധ്യതാപഠനം

8 [*47] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
" എം. വി. ജയരാജൻ:
" വി. ചെന്താമരാക്ഷൻ:
" പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ സാദ്ധ്യതാപഠനത്തിന് സ്വകാര്യ കൺസൾട്ടൻസികളുടെ സേവനം ഉപയോഗിക്കുന്നത് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ നാലുവർഷത്തിനിടെ സ്വകാര്യ കൺസൾട്ടൻസികൾക്ക് എന്തു തുക സാദ്ധ്യതാ പഠനത്തിനുള്ള കൺസൾട്ടൻസി ഫീസായി നൽകിയിട്ടുണ്ട്;

(സി) സാദ്ധ്യതാപഠനം നടത്തുന്നതിന് സ്വകാര്യ കൺസൾട്ടൻസികളെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇതിനുവേണ്ടി ഭേദഗതികൾ കൊണ്ടുവരുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) സാദ്ധ്യതാപഠനം നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിലെ [illegible] സേവനം ഉപയോഗിക്കാൻ സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) കേരള റോഡ് ഫണ്ട് ബോർഡിൽ സ്വകാര്യ കൺസൾട്ടൻസികളുടെ സേവനം ഉപയോഗിക്കുന്നുണ്ട്. വിശദമായ പദ്ധതി രൂപരേഖകൾ ഉണ്ടാക്കി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കുന്നതിനു വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. കെട്ടിട വിഭാഗങ്ങളെ സംബന്ധിച്ച് സാദ്ധ്യതാ പഠനത്തിന് സ്വകാര്യ കൺസൾട്ടൻസികളുടെ സേവനം ഉപയോഗിച്ചിട്ടില്ല. കേരള സംസ്ഥാന ഗതാഗത പദ്ധതി (കെ.എസ്.റ്റി.പി.)യ്ക്കു വേണ്ടി സ്വകാര്യ ഏജൻസിയായ ലൂയിസ് ബർജർ എന്ന സ്ഥാപനം സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്. ലോക ബാങ്കിന്റെ ടെക്നിക്കൽ അസിസ്റ്റന്റ്സ് ലോൺകൊണ്ടാണ് പ്രസ്തുത പഠനം നടത്തിയിട്ടുള്ളത്.

(ബി) കേരള റോഡ് ഫണ്ട് ബോർഡ് കഴിഞ്ഞ നാല് വർഷത്തിനിടെ 4,36,59,976 രൂപ ഇതിനായി വിനിയോഗിച്ചിട്ടുണ്ട്. സാദ്ധ്യതാപഠനത്തിനായി കെഎസ്റ്റിപി. കഴിഞ്ഞ നാലുവർഷത്തിനിടയിൽ 3,60,42,000 രൂപയും 315.910 അമേരിക്കൻ ഡോളറും ചെവാക്കിയിട്ടുണ്ട്.

(സി) N.H.A.I. നിലവിലുള്ള കൺസൾട്ടൻസികളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചശേഷം പഠനം നടത്തുന്നതാണ്. K.S.T.P.-യിൽ ലോക ബാങ്കിന്റെ ലോൺ നിബന്ധനകളെ ആധാരമാക്കിയാണ് കൺസൾട്ടൻസി നിയമനം. ഇതിൽ ക്വാളിറ്റി കോസ്റ്റ് സിസ്റ്റമാണ് അവലംബിക്കുന്നത്. ഇതിനുവേണ്ടി ടെണ്ടർ മുഖേന എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുന്നു. ഇതിൽനിന്നും പ്രഥമ പരിശോധന മുഖേന യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒരു പാനൽ തയ്യാറാക്കുകയും വിശദമായ സാങ്കേതികവും സാമ്പത്തികവുമായ പ്രൊപ്പോസൽ ഉൾക്കൊള്ളുന്ന ടെണ്ടറുകൾ ക്ഷണിക്കുകയും ചെയ്യുന്നു. പ്രസ്തുത ടെണ്ടറുകൾ ഇവാല്യൂവേറ്റ് ചെയ്ത് ഏറ്റവും കൂടുതൽ മാർക്ക് കിട്ടുന്ന സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നു.

(ഡി) തയ്യാറാണ്. പ്രൊജക്ട് പ്രിപ്പറേഷൻ യൂണിറ്റ് വഴി ഇപ്പോൾ തന്നെ ഇത് സാധിക്കാവുന്നതാണ്. മുൻപരിചയമുള്ള ഉദ്യോഗസ്ഥരുടെ സേവനം പ്രയോജന പ്പെടുത്തുന്നതാണ്.

## സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന് മൂല്യനിർണ്ണയം നടത്തുന്നതിന് ഗൈഡ്ലൈൻ

9 [*48] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എം. എം. ഹസ്സൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ യുവജനോത്സവത്തിലെ മത്സര ഇനങ്ങൾ മൂല്യനിർണ്ണയം നടത്തുന്ന കാര്യത്തിൽ എന്തെങ്കിലും ഗൈഡ്ലൈൻ കൊടുത്തി ട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly